# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5952 — 04.11.2016 - ൽ മറുപടി നൽകേണ്ടിയിരുന്നത്

**സർക്കാർ ഏറ്റെടുത്ത മാനേജ്മെന്റ് സ്കൂളുകൾ**

| ചോദ്യം<br>ശ്രീ.പി.ഉണ്ണി | | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) നഷ്ടത്തിലാണെന്ന് പറഞ്ഞ് മാനേജ്മെന്റുകൾ നിറുത്തലാക്കാൻ ശ്രമിച്ച ഏതെല്ലാം സ്കൂളുകളാണ് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഏറ്റെടുത്തത്; വിശദാംശം ലഭ്യമാക്കുമോ; | (എ) | 27.07.2016-ലെ സ.ഉ. (പി) നം. 122/16/പൊ.വി.വ. സർക്കാർ ഉത്തരവ് പ്രകാരം മലാപ്പറമ്പ് എ.യു.പി. സ്കൂൾ, കോഴിക്കോട്, പാലാട്ട് എ.യു.പി. സ്കൂൾ, കോഴിക്കോട്, മങ്ങാട്ടുമുറി എ.എം.എൽ.പി. സ്കൂൾ, മലപ്പുറം, പി.എം.എൽ.പി. സ്കൂൾ, കിരാലൂർ, തൃശ്ശൂർ എന്നീ സ്കൂളുകൾ ഏറ്റെടുക്കാൻ ഉത്തരവായി. ആയത് 27.07.2016-ലെ 1332 --- ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 509/16 നമ്പരായി പ്രസിദ്ധീക്കകയുമുണ്ടായി. തുടർന്ന് നഷ്ട പരിഹാരം തീരുമാനിച്ച് ഉറപ്പിക്കുന്ന തീയതി മുതൽ മേൽ സ്കൂളുകൾ പൂർണ്ണമായും സർക്കാരിൽ നിക്ഷിപ്തമായിരിക്കുമെന്ന് 27.07.2016 - ലെ വിജ്ഞാപനം ഭേദഗതി ചെയ്ത് 03.08.2016 - ലെ സ.ഉ. (പി) നം. 132/2016/പൊ.വി.വ. ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് 05.08.2016 - ലെ 1383 - ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. 524/16 നമ്പരായി പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ട്. 13.01.2017 - ലെ സ.ഉ. (പി) നം. 01/2017/പൊ.വി.വ. നമ്പർ ഉത്തരവ് (16.01.2017-ൽ 83 - നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ. നം. 31/2017 ആയി പ്രസിദ്ധപ്പെടുത്തിയത്) പ്രകാരം 03.08.2016 ലെ സ.ഉ. (പി) നം. 132/16/പൊ.വി.വ. സർക്കാർ ഉത്തരവ് റദ്ദാക്കിയിട്ടുണ്ട്. ആയതിനാൽ 27.07.2016 - ലെ എസ്.ആർ.ഒ. 509/16 യാതൊരു മാറ്റവുമില്ലാതെ നിലനിൽക്കുന്ന സാഹചര്യ ത്തിൽ മേൽ സ്കൂളുകൾ 27.07.2016 മുതൽ സർക്കാരിൽ നിക്ഷിപ്തമായിരിക്കും. |

| | |
|---|---|
| (ബി) 01.01.2011 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ എത്ര മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുത്തുവെന്ന വിശദാംശം നൽകുമോ; മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിന്റെ നടപടിക്രമം വ്യക്തമാക്കുമോ? | (ബി) 01.01.2011 മുതൽ 31.03.2016 വരെയുള്ള കാലയളവിൽ കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി, പി.എ.യു.പി. സ്കൂൾ മാത്രമാണ് സ.ഉ. (കൈ) നം. 22/2011/പൊ.വി.വ. തീയതി 02.02.2011 പ്രകാരം സർക്കാർ ഏറ്റെടുത്തിട്ടുള്ളത്. 1958 – ലെ കേരള വിദ്യാഭ്യാസ നിയമത്തിലെ സെക്ഷൻ 15 (1) നടപടി പ്രകാരമാണ് മാനേജ്മെന്റ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നത്. |

Hema.V

സെക്ഷൻ ഓഫീസർ